പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1200 03/12/2015 ൽ മറുപടിയ്ക്ക്

പാഠപുസ്തകങ്ങളുടെ അച്ചടിയും, അടുത്ത വർഷത്തെ പാഠപുസ്തക വിതരണവും

| ചോദ്യം<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ അധ്യയന വർഷത്തെ രണ്ടാംഘട്ട പാഠപുസ്തകവിതരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) 2015-16 അധ്യയന വർഷത്തിലെ 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകത്തിന്റെ വിതരണം കെ.ബി.പി.എസിനെയാണ് ഏൽപ്പിച്ചിരുന്നത്. സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരം ഉള്ള രണ്ടാം വാല്യം പാഠപുസ്തക വിതരണം 30.10.2015 നകം പൂർത്തിയായതായി കെ.ബി.പി.എസ് അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പാഠപുസ്തകങ്ങൾ ആവശ്യമുള്ള പക്ഷം അതിനുവേണ്ടിയുള്ള ഇൻഡന്റ് 07.12.2015 നകം നൽകാനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ രണ്ടാംഘട്ട വിതരണവും പൂർത്തിയായിട്ടുണ്ട്. |
| ബി) അടുത്ത അധ്യയന വർഷം ഏതെങ്കിലും പാഠപുസ്തകങ്ങൾ പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ: | (ബി) 9 , 10 ക്ലാസുകളിലെ പുസ്തകങ്ങളും രണ്ടാം വർഷ വി.എച്ച്.എസ്.ഇ വൊക്കേഷണൽ വിഷയങ്ങളുടെ പാഠപുസ്തകങ്ങളും മാറുന്നുണ്ട്. |
| സി) അടുത്ത അധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (സി) ഗവ. ഉത്തരവ് (കൈ)നം: 281/2015/പൊ.വി. തീയതി: 5.11.2015 ഉത്തരവ് പ്രകാരം 2016-17 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾക്ക് ആവശ്യമായിട്ടുള്ള പേപ്പറുകളുടെ പർച്ചേസും അച്ചടിയും വിതരണവും പൂർണ്ണമായും കെ.ബി.പി.എസിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. 9,10 ക്ലാസുകളിലേക്ക് മാറ്റമുള്ള പാഠപുസ്തകങ്ങളുടെ സി.ഡി.കൾ എസ്.സി.ഇ.ആർ.ടി.യിൽ നിന്നും ലഭ്യമായവ കെ.ബി.പിഎസിനെ ഏൽപ്പിച്ചിട്ടുണ്ട്. 2016-17 അധ്യയന വർഷത്തെ 7,8ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് തുടങ്ങിയതായും 2016 ഏപ്രിൽ മാസത്തിൽ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാൻ കഴിയുമെന്നും കെ.ബി.പി.എസ് ഉറപ്പ് നൽകിയിട്ടുണ്ട്. പ്ലസ്സ് ക്ലാസുകളിലെ പാഠ പുസ്തകങ്ങളും സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി കൈക്കൊണ്ട് വരുന്നു. |

സെക്ഷൻ ഓഫീസർ